LIBRARY ARCHIVES Kerala Legislative Assembly

ചാത്തങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

77(2278) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ബഡ്ജറ്റിൽ എന്നാണ് തുക വകയിരുത്തിയത്;

(ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ എത്രപ്രാവശ്യം തുക റിവൈസ് ചെയ്തിട്ടുണ്ട്;

(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2010 മുതൽ നിർമ്മാണ ആവശ്യാർത്ഥം തുക വകയിരുത്തിയിട്ടുണ്ട്.

(ബി) 2010-15 വരെയുള്ള ബഡ്ജറ്റിൽ അതാത് കൊല്ലത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആനുപാതികമായ തുകയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാറുള്ളത്.

(സി&ഡി) ഉണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായ കാലതാമസവും തുടർന്നുണ്ടായ കരാർ സംബന്ധമായ വിഷയങ്ങളും കാരണം പദ്ധതി പൂർത്തീകരണത്തിന് താമസം നേരിട്ടിട്ടുണ്ട്.

(ഇ) മേൽ സൂചിപ്പിച്ച കാരണങ്ങൾ ഏതെങ്കിലും പ്രത്യേക വ്യക്തിയോ ഏജൻസിയോ വരുത്തിത്തീർത്ത കാലതാമസമല്ലാത്തതിനാൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുന്നത് പ്രായോഗികമല്ല.

വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ

78(2279) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വൈദ്യുതി ലൈനുകൾ, ഡൊമസ്റ്റിക് കണക്ഷൻ നെറ്റ് വർക്ക് കേബിളുകൾ എന്നിവയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ ആകെ എത്ര ; ഇതിൽ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ, താല്ക്കാലിക ജീവനക്കാർ, കരാർ തൊഴിലാളികൾ, സാധാരണക്കാർ എത്ര വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ; ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ നലകി; വ്യക്തമാക്കുമോ ;